**കൃപാസനം പ്രസാദവരമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

**പ്രഭാതപ്രാർത്ഥന**
**(രാവിലെ 5.30 ന് ചൊല്ലേണ്ടത്)**

അമ്മേ! പരിശുദ്ധ അമ്മേ/ ദൈവമാതാവേ!/കൃപാസനത്തിലൂടെ/ഞങ്ങൾക്കും/ ഞങ്ങളുടെ ദേശത്തിനും/അമ്മ മാദ്ധ്യസ്ഥം തേടി തന്ന/എല്ലാ അനുഗ്രഹ ങ്ങൾക്കും/കൃപകൾക്കും/ഞങ്ങളിപ്പോൾ/ ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

അമ്മേ പരിശുദ്ധ അമ്മേ/ദൈവമാതാവേ!/2004 ഡിസംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് കൃപാസനത്തിൽ സംഭവിച്ച അമ്മയുടെ പ്രത്യക്ഷപ്പെടലിനെ ക്കുറിച്ച്/തിരുസഭയ്ക്ക് സമർപ്പിച്ചിരിക്കുന്ന പഠനരേഖകളുടെമേൽ/വസ്തുനി ഷ്ഠവും/ദൈവശാസ്ത്ര വിധിപ്രകാരമുള്ളതുമായ/അന്വേഷണ പഠനങ്ങൾ നട ത്തി/ആ പ്രത്യക്ഷപ്പെടലിലൂടെ പ്രകടമായ/ദൈവമാതാവിന്റെ പ്രത്യേക കരു തലും/സംരക്ഷണവും വെളിപ്പെടുത്തുന്ന/പീഢിതരുടെ ആശ്വാസവും/പ്രവാചക ന്മാരുടെ രാജ്ഞിയും/വാഗ്ദാനത്തിന്റെ പേടകവും/പ്രപഞ്ച പ്രകൃതിയുടെ മാതാ വുമായ/പരിശുദ്ധ അമ്മയുടെ ഭക്തി/തിരുസഭയിൽ കൂടുതൽ പ്രചരിച്ച്/ജീവിത ത്തിന്റെ ദുരിത ദുരന്ത അവസ്ഥകളിൽ/അകപ്പെട്ടുകഴിയുന്ന/അനേകായിരം മക്കൾക്ക്/ദൈവത്തിന്റെ സാന്നിദ്ധ്യവും/സന്ധിപ്പും കൂടുതൽ അനുഭവിക്കുക വഴി/ ആത്മീയ വിശുദ്ധിയും/ദൈവശക്തിയും/കൈവരിക്കുവാൻ/ഞങ്ങളുടെ കുടുംബ ങ്ങളെ/ഇടയാക്കണമേ.

അമ്മേ, പരിശുദ്ധ അമ്മേ/ഭൂ-സ്വർലോകങ്ങളുടെ രാജ്ഞിയായ/അങ്ങേയ്ക്ക്/ ഭൗമ സംരക്ഷണത്തിനായി/പ്രപഞ്ച പ്രകൃതിയെതന്നെ/തിരുസഭ പ്രതിഷ്ഠിക്കു വാൻ/ ഈ പ്രത്യക്ഷീകരണംവഴി/ഇടയാക്കേണമേ/പരിശുദ്ധ അമ്മേ/ജപമാല മാതാവേ/സകല കൃപാസനം/പ്രാർത്ഥനകളോടും ചേർത്ത്/ ഞങ്ങൾ ഇപ്പോൾ പ്രാർത്ഥിക്കുന്ന ഈ കുടുംബത്തിന്റെ/പ്രത്യേക നിയോഗവും(നിയോഗം പറയു ക)അമ്മയുടെ പ്രത്യക്ഷീകരണത്തിന്റെ/ ഈ അനുഗ്രഹവേളയിൽ/ഞങ്ങൾക്ക്/ സാധിച്ചുതരുവാൻ കനിയണമേ. ആമ്മേൻ.

**1.വിശ്വാ. 7 സ്വർഗ്ഗ. 7 നന്മ.**

*(2004 ഡിസംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടര മണിക്ക് കൃപാസനം അൾത്താ രയിൽ നടന്ന പരിശുദ്ധ ദൈവമാതാവിന്റെ പ്രത്യക്ഷപ്പെടൽ അത്ഭുതസംഭവം, നിഷ്പക്ഷവും വസ്തുനിഷ്ഠവുമായി അന്വേഷണ പഠനം നടത്തി തിരുസഭാ സമക്ഷം ദൈവഹിതം വെളിവാക്കുന്നതിന് വേണ്ടി, ആലപ്പുഴ രൂപതാ അദ്ധ്യക്ഷൻ റൈറ്റ്. റവ.ഡോ.സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിന് കൃപാസനം ഡയറക്ടർ ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ-അന്വേഷണപഠനത്തിന് സഹായകരമായ അനു ബന്ധ രേഖകളടങ്ങിയ 329 പേജുള്ള അപേക്ഷയോടു കൂടിയ ബൈന്റു ചെയ്ത പഠനഗ്രന്ഥം 2016 ജൂലൈ 20-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ആലപ്പുഴ ബിഷപ്പ് ഹൗസിൽ വെച്ച് സമർപ്പിച്ചു.)*

***ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ***

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും, സൃഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും, ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും, ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യാമറിയത്തിൽനിന്നു പിറന്നു; പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഢകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നും, മൂന്നാംനാൾ ഉയിർത്ത്, സ്വർഗ്ഗത്തിലേക്കെഴുന്നുള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ, വലതുഭാഗത്ത് ഇരിക്കുന്നു. അവിടെനിന്നു ജീവിക്കുന്നവരേയും മരിച്ചവരേയും, വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും, നിത്യമായ ജീവിതത്തിലും, ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ; അങ്ങയുടെ രാജ്യം വരേണമെ, അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ.

അന്നന്നുവേണ്ടുന്ന ആഹാരം, ഇന്നും ഞങ്ങൾക്കു തരേണമേ, ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമെ; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ.ആമ്മേൻ.

## നന്മ നിറഞ്ഞ മറിയമേ

നന്മ നിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു, അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും, തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.